പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 893 | 02.12.2015 ലെ മറുപടിയ്ക്ക്

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ പ്രവൃത്തികൾ പുനരാരംഭിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 7300-7800 ചെയിനേജിലെ നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 7300 മുതൽ 7800 വരെയുള്ള ചെയിനേജിലെ പ്രവൃത്തിയ്ക്കായി 12.09.2012 ൽ കരാറുകാരന് സൈറ്റ് കൈമാറിയതാണ്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പുമൂലം സൈറ്റിൽ പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. കരാറിലുള്ള ഓപ്പൺ ഫ്ളൂമിനു പകരം വെൽ സൈഫൺ വേണമെന്നതായിരുന്നു പ്രദേശവാസികളായ സമരക്കാരുടെ ആവശ്യം. ഉദ്യോഗസ്ഥതലത്തിലും വിവിധ രാഷ്ട്രീയ പ്രതിനിധികളുടെ സാന്നിധ്യത്തിലും സമരക്കാരുമായി പല ചർച്ചകൾ നടത്തിയെങ്കിലും അവർ വഴങ്ങിയില്ല. തുടർന്ന് 02.11.2013 ൽ നടത്തിയ കൂട്ടായ ചർച്ചയിൽ എസ്റ്റിമേറ്റിൽ കുറച്ച് ഭേദഗതികളോടെ നാട്ടുകാരുടെ എതിർപ്പ് രമ്യതയിൽ പറഞ്ഞ് അവസാനിപ്പിച്ചപ്പോഴേയ്ക്ക് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട ഒരു വർഷത്തെ കാലാവധി അവസാനിച്ചിരുന്നു. തുടർന്ന് കരാറുകാരനോട് പണി തുടങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും ഈ കാലതാമസം മൂലം പഴയ റേറ്റിൽ പ്രവൃത്തി ചെയ്യാൻ സാധിക്കില്ലായെന്നും പുതുക്കിയ ഡി.എസ്.ആർ. പ്രകാരമുള്ള റേറ്റ് അനുവദിച്ച് തരണമെന്നും കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് പുതുക്കിയ IIP യുടെ ആക്ഷൻപ്ലാനിൽ (2015-16) ഉൾപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ പരിഗണനയിലുള്ള 1455/MP2/15/WRD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് | (ബി) | ഇടമലയാർ ഇറിഗേഷൻ പദ്ധതിയിലെ ചെയിനേജ് 7300 മുതൽ 7800 വരെയുള്ള പ്രവൃത്തി സംബന്ധിച്ചാണ് 1455/MP2/15/WRD നമ്പർ ഫയലിൽ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | പ്രതിപാദിക്കുന്നത്. കരാറുകാരന് മേൽപ്രവൃത്തി പുതുക്കിയ റേറ്റ് പ്രകാരം അനുവദിച്ചു നൽകുമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ പുതുക്കിയ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് വളരെയധികം അധികരിച്ചിരിക്കുന്നതാകയാൽ ഇതിന്റെ അംഗീകാരത്തിനും, അഭിപ്രായത്തിനുമായി ഫയൽ ഫിനാൻസ് വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തി 2015-16 ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തിയുടെ നിജസ്ഥിതി എന്തെന്നും എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | ഈ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ